# പതിമൂന്നാം കേരളനിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1831** **17/12/2012 ൽ മറുപടിക്ക്**

**ഹോമിയോ മെഡിക്കൽ ഓഫീസർമാരുടെ നിയമനം**

**ചോദ്യം**
**ശ്രീ. എം. വി ശ്രേയാംസ്‌കുമാർ**

**മറുപടി**
**ശ്രീ. ഉമ്മൻ ചാണ്ടി**
**(മുഖ്യമന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിലവിലുള്ള ഹോമിയോ മെഡിക്കൽ ഓഫീസർ മാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര പേർക്ക് നിയമനം നൽകി; | (എ) | 258 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട് |
| (ബി) | ഹോമിയോ വകുപ്പിലുണ്ടായിട്ടുള്ള ഹോമിയോ മെഡിക്കൽ ഓഫീസർ മാരുടെ ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല.<br>ഹോമിയോ വകുപ്പിൽ ഉണ്ടാകുന്ന മെഡിക്കൽ ഓഫീസർമാരുടെ ഒഴിവുകൾ യഥാസമയം പബ്ളിക്ക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തു വരുന്നു. |
| (സി) | പി.എസ്.സി. ലിസ്റ്റ് നിലവിലിരിക്കെ ഹോമിയോ മെഡിക്കൽ ഓഫീസർ മാരുടെ ഒഴിവു വരുന്ന തസ്തികയിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (സി) | 90 ദിവസത്തിനു താഴെയുള്ള അവധി ഒഴിവുകളിലും ആയുഷ്-സീതാലയം തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതി കളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട പദ്ധതി വിഭാവനം ചെയ്ത പ്രകാരവും ആണ് ദിവസവേതന അടിസ്ഥാനത്തിൽ മെഡിക്കൽ ഓഫീസർമാരെ നിയമിക്കുന്നത്. |
| (ഡി) | ഹോമിയോ മെഡിക്കൽ ഓഫീസർ മാരുടെ ഒഴിവുകളിലേക്ക് നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ഒഴിവ് വരുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ